സ്മോക്ക് മീറ്ററുകളും ഗ്യാസ് അനലൈസറുകളും ഉപയോഗിച്ച് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥൻമാർ വാഹനങ്ങളുടെ പുക പരിശോധിച്ച് പരിധി ലംഘിക്കുന്നവർക്കെതിരെ നിയമനടപടി എടുത്തുവരുന്നു. പുകപരിശോധനാ സർട്ടിഫിക്കറ്റുകൾക്ക് ആറുമാസമാണ് കാലാവധി. പുകപരിശോധനാ സർട്ടിഫിക്കറ്റുകൾ നൽകുവാനായി അംഗീകൃത പുകപരിശോധനാകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. നിശ്ചിത അളവിനേക്കാൾ മലിനീകരണത്തിന്റെ തോത് കൂടുതലാണെങ്കിൽ ആവശ്യമായ പണികൾ ചെയ്ത് പുക നിയന്ത്രണവിധേയമാക്കി പരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇങ്ങനെ ഏഴ് ദിവസത്തിനകം സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ ടി കുറ്റത്തിന് 1,000 രൂപയും കുറ്റം ആവർത്തിച്ചാൽ 2,000 രൂപയും പിഴ ചുമത്താവുന്നതാണ്.

(എഫ്) പ്ലാസ്റ്റിക് വ്യാപനം തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 1989-ലെ റീസൈക്കിൾഡ് പ്ലാസ്റ്റിക് മാനുഫാക്ചർ ആന്റ് യൂസേജ് റൂൾസ് പ്രകാരം 20 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികളുടെ ഉൽപ്പാദനവും ഉപയോഗവും ദേശവ്യാപകമായി നിരോധനം ഏർപ്പെടുത്തിയത് ഈ സംസ്ഥാനത്തും നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ സവിശേഷതകളും നഗര മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള പ്രശ്നങ്ങളും കണക്കിലെടുത്ത് സംസ്ഥാനമൊട്ടാകെ 30 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾക്ക് 1-9-2003 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവ് പ്രകാരം ഇപ്രകാരമുള്ള പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം നിയന്ത്രിക്കാനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പോലീസ് വകുപ്പിനുമാണ്. നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്താനുള്ള ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. കൂടാതെ ജനങ്ങളിൽ അവബോധം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ജി) വിവിധ വകുപ്പുകളും ഏജൻസികളും നടപ്പാക്കേണ്ട നടപടികൾ ആലോചിച്ചുവരുന്നു.

(എച്ച്) തിരുവനന്തപുരത്ത് മലിനീകരണ സാദ്ധ്യതകൾ കുറവു ചെയ്യാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി എടുത്തുവരുന്നു.

കുമരകം ബോട്ടപകടത്തിൽ മരിച്ചവർക്ക് സ്മാരകം

59 [777] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകം ബോട്ട് ട്രാജഡിയിൽ മരണമടഞ്ഞവരുടെ സ്മരണയ്ക്കായി എന്തെങ്കിലും സ്മാരകം നിർമ്മിക്കുവാൻ ഇറിഗേഷൻ വകുപ്പോ, ജലഗതാഗത വകുപ്പോ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്തു തരത്തിലുള്ള സ്മാരകം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ മതിപ്പ് ചെലവ് എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly